# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4650 26.10.2016-ൽ മറുപടിയ്ക്ക്
## ഡയറി സയൻസ് കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ.വി.എസ്.സുനിൽകുമാർ<br>(കൃഷി ,മണ്ണ് പര്യവേഷണവും&സംരക്ഷണവും കാർഷിക,വെറ്ററിനറി സർവ്വകലാശാല,വെയർഹൗസിങ്ങ് കോർപ്പറേഷൻ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര ഡയറി സയൻസ് കോളേജുകളുണ്ട്; ഇവിടെ എന്ത് പാഠ്യപദ്ധതികളാണ് നിലവിലുള്ളത്; ഇവിടെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; ഇവർക്ക് എന്തെല്ലാം തൊഴിൽ സാധ്യതകളാണ് ഉള്ളത്; ക്ഷീരോത്പാദന രംഗത്തും കന്നുകാലി പരിപാലനത്തിലും ഡയറി സയൻസ് കോളേജുകളുടെ പങ്ക് എന്താണെന്നുള്ളത് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് 3 ഡയറി സയൻസ് കോളേജുകളുണ്ട്. ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ICAR) നിർദ്ദേശിച്ച പാഠ്യപദ്ധതിയാണ് നിലവിലുള്ളത്.<br>മണ്ണുത്തിയിൽ 260 വിദ്യാർത്ഥികളും<br>പൂക്കോട് 56 വിദ്യാർത്ഥികളും<br>തിരുവനന്തപുരം 58 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.<br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിൽ ക്ഷീരവികസന ഓഫീസർ തസ്തികയുടെ അടിസ്ഥാന യോഗ്യത ബി.ടെക്(ഡയറി ടെക്നോളജി) ആണ്. മിൽമ യുടെ കീഴിലുള്ള സംസ്കരണ പ്ലാന്റുകളിൽ ടെക്നിക്കൽ സൂപ്രണ്ട്, ഡയറി കെമിസ്റ്റ്, കോളിറ്റി അനലിസ്റ്റ് മുതലായ തസ്തികകൾക്കും ഇതേ യോഗ്യതയാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നിരവധി ക്ഷീര സംസ്കരണ/ഭക്ഷ്യ സംസ്കരണ പ്ലാന്റുകളിൽ ഇവിടെ നിന്നുള്ള ബി.ടെക് ബിരുദധാരികൾ ജോലി ചെയ്തു വരുന്നു. |
| ബി) വിതുര പഞ്ചായത്തിലെ ചെറ്റച്ചൽ ജെഴ്സി ഫാമിൽ ഡയറി സയൻസ് കോളേജ് എന്നാണ് അനുവദിച്ചത്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ചെറ്റച്ചൽ ജെഴ്സി ഫാമിൽ ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിന് സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇവിടെ കോളേജിനുള്ള ഭൂമി ലഭിയ്ക്കുന്നതിന് ഇപ്പോൾ തടസ്സം ഉണ്ടോ; തടസ്സമുണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; | ബി) 2015-16 അക്കാദമിക് വർഷത്തിലാണ് തിരുവനന്തപുരത്ത് ചെറ്റച്ചൽ ഡയറി സയൻസ് കോളേജ് പ്രവർത്തനം ആരംഭിച്ചത്. പ്രസ്തുത ബി.ടെക് കോഴ്സ് താൽക്കാലികമായി കരകുളം കെൽട്രോൺ കോംപ്ലക്സിലെ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.ചെറ്റച്ചൽ ജെഴ്സി ഫാമിൽ കോളേജ് ആരംഭിക്കുന്നതിന് സ്ഥലം നിർണ്ണയ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ചെറ്റച്ചൽ ഫാമിന്റെ തെക്കു-കിഴക്കേ മൂലയിലുള്ള 25 ഏക്കർ സ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് നൽകാൻ |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വസ്തു കൈമാറ്റ നടപടികൾക്കായി തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | ഡയറി സയൻസ് കോളേജ് പുതുതായി ആരംഭിയ്ക്കുന്നതിന് ഡയറി ഫാമുകൾ അനിവാര്യമാണോ; എങ്കിൽ ചെറ്റച്ചലിൽ പ്രവർത്തിക്കുന്ന ഡയറി ഫാം കോളേജിനായി പ്രയോജനപ്പടുത്താമോ; ചെറ്റച്ചലിൽ ഡയറി സയൻസ് കോളേജ് തുടങ്ങാൻ പ്രയോജനപ്രദമായ മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമാണ്; കോളേജിന്റെ പ്രവർത്തനങ്ങൾക്ക് എത്ര സ്ഥലമാണ് വേണ്ടത്; | സി) | അനിവാര്യമാണ്. ചെറ്റച്ചലിൽ പ്രവർത്തിക്കുന്ന ജെഴ്സി ഫാം കോളേജിനായി പ്രയോജനപ്പെടുത്താവുന്നതാണ്.<br>ചെറ്റച്ചലിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ,അക്കാദമിക് ബ്ലോക്ക് , ഡയറി പ്ലാന്റ്, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ എന്നിവയ്ക്കുള്ള സ്ഥലം അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് നിർമ്മിക്കുന്നതാണ്. കോളേജിന്റെ പ്രവർത്തനത്തിന് കുറഞ്ഞത് 25 ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത്. |
| ഡി) | ചെറ്റച്ചലിലെ ജെഴ്സി ഫാമിന് എത്രസ്ഥലമാണുള്ളത്; ഇതിൽ എത്ര സ്ഥലത്താണ് ഡയറി ഫാം പ്രവർത്തിക്കുന്നത്; ഇവിടെ പരിപാലിക്കപ്പെടുന്ന കന്നുകാലികൾ എത്രയാണ്; | ഡി) | ജെഴ്സി ഫാമിന്റെ 58 ഏക്കർ സ്ഥലത്താണ് ഡയറി ഫാം പ്രവർത്തിക്കുന്നത്. 200 ൽ പരം കന്നുകാലികളെ ഇവിടെ പരിപാലിക്കുന്നുണ്ട്. |
| ഇ) | ചെറ്റച്ചൽ ജെഴ്സി ഫാമിൽ അനുവദിച്ച ഡയറി സയൻസ് കോളേജ് തിരുവനന്തപുരത്ത് എവിടെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്; എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു; എത്രാമത്തെ ബാച്ചാണ് ഇപ്പോഴുള്ളത്; ചെറ്റച്ചലിൽ കോളേജ് ആരംഭിക്കുന്നതിലെ കാലതാമസം വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസം തടസ്സപ്പെടുത്തുന്ന സാഹചര്യം ഉണ്ടോ; ഇതിനായി എന്തെല്ലാം കരുതലുകളാണ് സർക്കാർ എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | ഇ) | തിരുവനന്തപുരത്ത് കരകുളത്ത് സ്ഥിതി ചെയ്യുന്ന കെൽട്രോൺ കോംപ്ലക്സിലെ കെട്ടിടത്തിലാണ് കോളേജ് താൽക്കാലികമായി പ്രവർത്തിച്ചു വരുന്നത്.<br>ഇവിടെ ആകെ 58 വിദ്യാഭ്യാർത്ഥികൾ പഠിക്കുന്നു. 2 ബാച്ചുകൾ ഉണ്ട്. നിലവിലെ താൽക്കാലിക കേന്ദ്രത്തിൽ സൗകര്യങ്ങൾ പരിമിതമാണ്. കോളേജ് തുടങ്ങുന്നതിനായി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഭൂമി ലഭിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ